# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5259

05.07.2012-ലെ മറുപടിയ്ക്ക്

### വിലക്കയറ്റം പിടിച്ചു നിർത്താൻ കൺസ്യൂമർഫെഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോഴുള്ള രൂക്ഷമായ വിലക്കയറ്റം പിടിച്ചു നിർത്താൻ പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടാൻ കൺസ്യൂമർഫെഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) | കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് എല്ലാവിധ ഉപഭോക്താക്കൾക്കും വർഷം മുഴുവൻ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡ് വിപണിയിൽ ഇടപെടൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കൺസ്യൂമർഫെഡിന്റെ പച്ചക്കറി ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ ഇതിനോടകം തുറന്നിട്ടുണ്ട്. ഫെഡറേഷന്റെ ഈ നടപടി പൊതു വിപണിയിൽ പച്ചക്കറിയുടെ വിലയിൽ പ്രകടമായ വിധത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൺസ്യൂമർഫെഡിന് കീഴിൽ പുതുതായി ആരംഭിച്ച ത്രിവേണി സ്റ്റോറുകൾ, മൊബൈൽ സൂപ്പർ | (ബി) | പുതുതായി ആരംഭിച്ചവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ത്രിവേണി സ്റ്റോറുകൾ | 35 |
| മൊബൈൽ ത്രിവേണി സ്റ്റോറുകൾ | 17 |

| | |
|---|---|
| മാർക്കറ്റുകൾ, ഫ്ളോട്ടിങ് യൂണിറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ വെയർഹൗസുകൾ, ശീതീകരിച്ച ഗോഡൗണുകൾ തുടങ്ങി എത്ര വീതമാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; ഇത്തരത്തിൽ ഈ വർഷം എത്രയെണ്ണം കൂടി പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (continued below) |

| | |
|---|---|
| ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ | 5 |
| നീതി മെഡിക്കൽ സ്റ്റോറുകൾ | 9 |
| നീതി മെഡിക്കൽ വെയർ ഹൗസുകൾ | 2 |
| ശീതീകരിച്ച ഗോഡൗണുകൾ | ഇല്ല |

ഈ വർഷം ആരംഭിക്കേണ്ട ത്രിവേണി സ്റ്റോറുകൾ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. എന്നാൽ 39 മൊബൈൽ ത്രിവേണികൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ പ്രവർത്തനം ആരംഭിക്കും. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | 4 |
| 2. | കൊല്ലം | 3 |
| 3. | പത്തനംതിട്ട | 2 |
| 4. | ആലപ്പുഴ | 1 |
| 5. | കോട്ടയം | 3 |
| 6. | ഇടുക്കി | 1 |
| 7. | എറണാകുളം | 3 |
| 8. | തൃശ്ശൂർ | 6 |
| 9. | പാലക്കാട് | 4 |
| 10. | മലപ്പുറം | 5 |
| 11. | കോഴിക്കോട് | 2 |
| 12. | വയനാട് | 2 |
| 13. | കണ്ണൂർ | 3 |
| | ആകെ | 39 |

കൂടാതെ 81 മൊബൈൽ ത്രിവേണി സ്റ്റോറുകൾ കൂടെ ഈ വർഷം ഡിസംബർ 31 ന മുമ്പായി ആരംഭിക്കുന്നതാണ്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | 9 |
| 2. | കൊല്ലം | 3 |
| 3. | പത്തനംതിട്ട | 6 |
| 4. | ആലപ്പുഴ | 6 |
| 5. | കോട്ടയം | 5 |
| 6. | ഇടുക്കി | 3 |
| 7. | എറണാകുളം | 6 |
| 8. | പാലക്കാട് | 8 |

| | | |
|---|---|---|
| 9. | മലപ്പുറം | 12 |
| 10. | കോഴിക്കോട് | 10 |
| 11. | വയനാട് | 1 |
| 12. | കണ്ണൂർ | 8 |
| 13. | കാസർഗോഡ് | 4 |
| | ആകെ | 81 |

**ഫ്ലോട്ടിംഗ് ത്രിവേണി സ്റ്റോറുകൾ**

3 ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ മലബാർ മേഖലയിൽ ഈ വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**നീതി മെഡിക്കൽ സ്റ്റോറുകൾ**

ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന 116 നീതി മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | നമ്പർ |
|---|---|---|
| 1. | തിരുവനന്തപുരം | 10 |
| 2. | കൊല്ലം | 20 |
| 3. | പത്തനംതിട്ട | 10 |
| 4. | ആലപ്പുഴ | 10 |
| 5. | കോട്ടയം | 10 |
| 6. | ഇടുക്കി | 5 |
| 7. | എറണാകുളം | 5 |
| 8. | തൃശ്ശൂർ | 10 |
| 9. | പാലക്കാട് | 5 |
| 10. | മലപ്പുറം | 10 |
| 11. | കോഴിക്കോട് | 5 |
| 12. | വയനാട് | 3 |
| 13. | കണ്ണൂർ | 10 |
| 14. | കാസർഗോഡ് | 3 |
| | ആകെ | 116 |

**നീതി മെഡിക്കൽ വെയർ ഹൗസുകൾ**

പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ 2 നീതി മെഡിക്കൽ വെയർ ഹൗസുകൾ ആരംഭിയ്ക്കാൻ ഉദ്ദേശിക്കുന്നു.

1. പാലക്കാട്.
2. കണ്ണൂർ

**ശീതീകരിച്ച ഗോഡൗണുകൾ**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി, എറണാകുളം ജില്ലയിലെ പൂക്കാട്ടുപടി, കണ്ണൂർ ജില്ലയിലെ മാത്തിൽ എന്നിവിടങ്ങളിലായി ഈ വർഷം 3 താപ നിയന്ത്രിത ഗോഡൗൺ ആരംഭിക്കും.

(സി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കൺസ്യൂമർഫെഡ് വഴി ഓണം/റംസാൻ ഉത്സവകാലങ്ങളിൽ വിലക്കയറ്റം പിടിച്ചു നിർത്താൻ ന്യായവില വിൽപന കേന്ദ്രങ്ങളും ഉത്സവകാല ചന്തകളും സംസ്ഥാനത്ത് വ്യാപകമായി നടപ്പിൽ വരുത്തി വിലക്കയറ്റം പിടിച്ചു നിർത്തിയതായി ഈ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ഈ വർഷം ഓണം/റംസാൻ കാലത്ത് പുതിയ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012 ജൂലൈ 20ന് ആരംഭിച്ച് ആഗസ്റ്റ് 28ന് അവസാനിക്കുന്ന വിധത്തിൽ റംസാൻ, ഓണ സബ്സിഡി വിപണനം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ/സഹകരണ ഔട്ട്ലെറ്റുകൾ എന്ന രീതിയിൽ 3000 വിപണന കേന്ദ്രങ്ങൾ ആയിരിക്കും ഈ ദിവസങ്ങളിൽ പ്രവർത്തിക്കുക. 21 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20% എങ്കിലും വിലകുറച്ച് ഈ കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തും. ജൂലൈ 20 മുതൽ ആഗസ്റ്റ് 20 വരെ 5 ഇനം റംസാൻ സ്പെഷ്യൽ വിഭവങ്ങളും ഓണത്തോടനുബന്ധിച്ച് പായസ കിറ്റുകളും വിപണന കേന്ദ്രങ്ങളിൽ ലഭ്യമാക്കും.

സെക്ഷൻ ഓഫീസർ